കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കാട്ടൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2013-14**

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
# ജില്ലാ ഓഡിറ്റ് കാര്യാലയം,
# തൃശ്ശൂർ

**e-mail : dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.പി.7-196/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

തീയതി-11.02.2016
ഫോൺ-0487-2331249
email.dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാട്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാട്ടൂർ ഗ്രാമപഞ്ചായത്ത് - 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-10, 3-11ഖണ്ഡികകളിലേയ്ക്കു് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ (ഉ.പ.സ.)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.പി.7/196/16

തിയ്യതി: 11.02.2016

# തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.02.14മുതൽ 10.01.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2013-14വർഷത്തിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് | ശ്രീ.സി.വൈ.സലിം, |

| | |
|---|---|
| ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.01.2016 മുതൽ<br>20.01.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.മേരി ഹണി ജോസഫ്,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. പ്രശാന്ത്. റ്റി.ജി,<br>അസി.ഓഡിറ്റ് ഓഫീസ്സ<br>ശ്രീമതി.സുമിത.ടി.എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. സിന്ധു.കെ.ബി,<br>ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷീജ പവിത്രൻ | 01.04.2013 മുതൽ<br>31.03.2014 വരെ |
| സെക്രട്ടറി | ശ്രീ.പി.എസ്.വൽസൻ<br>ശ്രീ.ഷാജിക്.എം.എച്ച് | 01.04.2013 മുതൽ<br>04.07.2013 വരെ<br>04.07.2013 മുതൽ<br>31.03.2014 വരെ |

## സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ

| | | |
|---|---|---|
| ധനകാര്യം | ശ്രീ.കെ.ബി.തിലകൻ | 01.04.2013 മുതൽ<br>31.03.2014 വരെ |
| വികസനം | കുമാരി.ലത.ടി.വി | 01.04.2013 മുതൽ |

| | | |
|---|---|---|
| | | 31.03.2014 വരെ |
| ക്ഷേമകാര്യം | ശ്രീ.ജോസ്.ഇ.എൽ<br>ശ്രീ.ഹൈദ്രോസ്.എ.എസ് | 01.04.2013 മുതൽ<br>01.12.2013 വരെ<br>21.12.2013 മുതൽ<br>31.03.2014 വരെ |
| വിദ്യാഭ്യാസം / ആരോഗ്യം | ശ്രീമതി.ശ്രീരേഖ ഷാജി<br>ശ്രീമതി.പ്രേമവല്ലി രാഘവൻ | 01.04.2013 മുതൽ<br>16.05.2013വരെ<br>30.05.2013 മുതൽ<br>31.03.2014 വരെ |

## വിവിധ നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.റൂബി മാർക്ക് എടേഴത്ത് | 01.04.2013 മുതൽ |

| | | |
|---|---|---|
| | | 31.03.2014 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ദീപ സാമുവേൽ | 01.04.2013 മുതൽ<br>31.03.2014 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.വിധു വർമ്മ(അഡീ.ചാർജ്ജ്)<br>ഡോ.കവിത | 01.04.2013 മുതൽ<br>21.06.2013 വരെ<br>22.06.2013 മുതൽ<br>31.03.2014 വരെ |
| വെറ്ററിനറി സർജൻ | ഡോ.പാമി.ടി.<br>മാലിയേക്കൽ | 01.04.2013 മുതൽ<br>31.03.2014 വരെ |
| കൃഷി ഓഫീസർ | ശ്രീ.കെ.ജെ.<br>കുരിയാക്കോസ് | 01.04.2013 മുതൽ<br>31.03.2014 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സിനി.എൻ.കെ | 01.04.2013 മുതൽ 31.03.2014 വരെ |
| എൽ.വി.ഇ.ഒ | ശ്രീമതി.ജാസ്മിൻ | 01.04.2013 മുതൽ 31.03.2014 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക സർട്ടിഫിക്കറ്റ് | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 13 | തൊഴിൽ നികുതി & ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ | 2-2 |
| 14 | ലൈഫ് സ്റ്റോക്ക് ഫാം-ലൈസൻസ് എടുത്തിട്ടില്ല | 2-3 |
| | ഭാഗം 3 | |
| 15 | ഇ.എം.എസ് ഭവന പദ്ധതി | 3-1 |
| 16 | ലാപ്പ്ടോപ്പ് വാങ്ങൽ | 3-2 |
| 17 | വെള്ളക്കരം അടവാക്കിയ രശീതി | 3-3 |
| 18 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-4 |

| | | |
|---|---|---|
| 19 | കന്നുകുട്ടി പരിപാലനം അപാകതകൾ | 3-5 |
| 20 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം | 3-6 |
| 21 | ആരോഗ്യ കേരളം പുരസ്കാര തുക | 3-7 |
| 22 | കാരാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | 3-8 |
| 23 | പൊതു ടോയ് ലറ്റ് നവീകരണം | 3-9 |
| 24 | അംഗൻവാടികളുടെ ഷീറ്റ് റൂഫിംഗ് | 3-10 |
| 25 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-11 |
| | ഭാഗം 4 | |
| 26 | സംയുക്ത പ്രോജക്റ്റ് ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

2013-14വർഷത്തെ ബജറ്റ് 27.03.2013 തിയതിയിലെ 35/13 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2014 | 14.05.2014 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-14 | 11.7.14 | എൽ.എഫ്.ടി. (ഇ3)1404/14(28) തി. 12.09.2014 വിശേഷണ ങ്ങളില്ലാത്ത സാക്ഷ്യപത്രം |

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 6254467
വരവ് - 42242921

ആകെ - 48497388
ചെലവ് - 44690525

നീക്കിയിരിപ്പ് - 3806863

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | വരവ് | | | | |
| വികസനഫണ്ട് പൊതുവിഭാഗം | 1055670 | 5053009 | 6108679 | 6108679 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 572732 | 5165900 | 5738632 | 5714925 | 23707 | 99.58% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 14000 | 14000 | 14000 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 155693 | 2282000 | 2437693 | 2437693 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 540360 | 1864000 | 2404360 | 2404360 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 284280 | 2589844 | 2874124 | 2873280 | 844 | 99.97% |
| പെർഫോമൻസ് ഗ്രാന്റ് | 324044 | 1410000 | 1734044 | 1721857 | 12187 | 99.30% |
| എം.എൻ.ആർ.ഇ ജി. എസ്. | 118545 | 8200651 | 8319196 | 8253962 | 65234 | 99.31% |
| ബി ഫണ്ട് | 0 | 8622144 | 8622144 | 8622144 | 0 | 100% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 107 | 24511261 | 103 | 23490227 | 4 | -- | 96.26 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11.63ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2364827 | 2618324 | 253497 | 10% (+) |
| നികുതിയേതര വരവുകൾ | 638159 | 733942 | 95783 | 15% (+) |
| മറ്റുവരവുകൾ | -- | -- | -- | -- |
| ആകെ | 3002986 | 3352266 | 349280 | 11.63% (+) |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 55800 | 81 |
| കർഷകതൊഴിലാളി പെൻഷൻ | 1373385 | 304 |
| വിധവാപെൻഷൻ | 4422956 | 653 |
| വാർദ്ധക്യകാലപെൻഷൻ | 636560 | 210 |
| വികലാംഗപെൻഷൻ | 1542994 | 182 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 571830 | 78 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 9718/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികവും സമഗ്രവുമായി സൂക്ഷിച്ചിട്ടില്ല. സ്രക്കുലർ നമ്പർ 86/2010/ഫിൻ തി. 24.09.2010 ൽ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ കമ്പ്യൂട്ടർ ഹാർഡ് വെയർ / സോഫ്റ്റ് വെയർ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം കൂടി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2015-<br>22.12.2015 | 2015 നവംബർ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.02.2013-<br>12.03.2013 | 2007-08 -<br>2011-12 | LB17(HQ)/III<br>BA1954/12-13/09 dt. 15.04.13 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല

കാട്ടൂർ സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് നടത്തുന്ന താഴെപറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കാത്തതായി കാണുന്നു.

1.നീതി ടെക്സ്റ്റയിൽസ്
2.സിമന്റ്,കമ്പി വ്യാപാരം
3.നീതി സ്റ്റോർ
4.നീതി ഒപ്റ്റിക്കൽസ്
5.നീതി ഹോൾസെയിൽഡിപ്പോ
6.നീതി ഗ്യാസ്
7.നീതി മെഡിക്കൽസ് 1
8.ഓയിൽമിൽ
9.നീതി സ്റ്റോർ (പലചരക്ക് കച്ചവടം)
10.വളം, കീടനാശിനി ഡിപ്പോ
11.നീതി മെഡിക്കൽസ് 11
12.നീതി ലേഡീസ് ചോയ്സ്.
13.നീതി ഫുട് വെയേഴ്സ്
14.നീതി ഷർട്ട് വ്യാപാരം
15.നീതി ഹോം അപ്ലയൻസസ്

മേൽ സ്ഥാപനങ്ങൾ ഡി.ആന്റ്.ഒ.ലൈസൻസ് എടുത്തിട്ടുള്ളതും ആയതിന്റെ അപേക്ഷയിൽ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടുള്ളതും ആണ്. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി കുടിശ്ശിക സഹിതം ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.(എൻകചയറി നമ്പർ9/15.1.16)

## 2-2 തൊഴിൽ നികുതി&ഡി.ആന്റ്.ഒ ലൈസൻസ് അപാകതകൾ

തൊഴിൽ നികുതി കുറവ് ഈടാക്കി

a)ഷിബിലി.എ.ജി. (ലെക്ചറർ ഏവുപ്രാസ്യ ട്രെയ്നിംഗ് കോളേജ്) ൽ നിന്നും 2013-14 ആദ്യ അർദ്ധ വർഷം തൊഴിൽ നികുതി 330/രൂ. രൂപയാണ് ഈടാക്കിയിരിക്കുന്നത്. മൊത്ത ശമ്പളം 59000/-രൂപ ആണ് പത്രികയിൽ കാണിച്ചിരിക്കുന്നത്. ആയതുപ്രകാരം അടവാക്കേണ്ട നികുതി 450/-രൂ ആണെന്നിരിക്കെ കുറവ് വന്ന തുക (120/-)ഈടാക്കേണ്ടതാണ്.(1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3)

b)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വനിത സഹകരണ സംഘത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

c)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊഞ്ഞനം ദേവസ്വം (കൊച്ചിൻ ദേവസ്വം ബോർഡ്) ഓഫീസിലെ (വാർഡ് നം.7) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

d)ഡി.ആന്റ്.ഒ ലൈസൻസ് കുറവ് ഈടാക്കി.

സുരേഷ്.എം.കെ.ലാസ്യ ഡയമണ്ട് ജ്വല്ലറിയുടെ അപേക്ഷ പ്രകാരം ഒരു ദിവസത്തെ വിറ്റുവരവ് 50000/-രൂപ ആണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക II പ്രകാരം ഈടാക്കേണ്ട ലൈസൻസ് ഫീസ് 1000/- രൂപയാണ്. എന്നാൽ 400/-രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ (രസീത് നമ്പർ 100660/30.5.13). കുറവ് വന്ന തുക (600/-) ഈടാക്കേണ്ടതാണ്. (എൻകചയറി നമ്പർ 18/18.1.16)

## 2-3 ലൈവ് സ്റ്റോക്ക്ഫാമുകൾ- ലൈസൻസ് എടുത്തിട്ടില്ല.

കേരളപഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക്ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടങ്ങൾ 2012, 19.4.12ന് നിലവിൽ വന്നിട്ടുണ്ട്. എന്നാൽ 2013-14ൽ പഞ്ചായത്തിൽ ലൈവ് സ്റ്റോക്ക്ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല. 4 ഫാമുകൾ അനധികൃതമായി പ്രവർത്തിക്കുന്നതായി വിവരാവകാശപ്രകാരമുള്ള അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫാമുകൾക്ക് അവയ്ക്ക് ചട്ടങ്ങൾ ബാധകമെങ്കിൽ ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. (എൻകയറി നമ്പർ 8/15.1.16)

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇ.എം.എസ്. ഭവനപദ്ധതി - മുതൽ അടവാക്കുന്നതിൽ നിന്നും വായ്പയുടെ പലിശ സഹകരണബാങ്ക് ഈടാക്കുന്നു.

ഗ്രാമപഞ്ചായത്ത് ഇ.എം.എസ് ഭവനനിർമ്മാണപദ്ധതിക്കായി കാട്ടൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്ത 5244757 രൂപയുടെ വായ്പാമുതൽ തിരിച്ചടവ് മുഴുവനായി മുതലിനത്തിൽ വരവു വക്കുന്നതിനുപകരം അതുവരെയുള്ള പലിശ ഈടാക്കിയതിനുശേഷം ബാക്കി തുക മാത്രമേ മുതൽകണക്കിൽ വരവുവക്കുന്നുള്ളൂ. 2013-14 വർഷം വരെയുള്ള വിവരങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | തിയ്യതി | ഗ്രാമപഞ്ചായത്ത് മുതലിനത്തിൽ അടവാക്കിയ തുക | തിയ്യതി | ബാങ്ക് മുതലിനത്തിൽ വരവുവച്ച തുക | വ്യത്യാസം |
|---|---|---|---|---|---|
| **1** | 05.05.11 | 760000 | 05.05.11 | 641054 | |
| **2** | 28.12.11 | 760000 | 30.05.11 | 56859 | |
| **3** | 04.01.13 | 760000 | 31.12.11 | 567049 | |
| **4** | 13.01.14 | 290000 | 14.01.13 | 440746 | |
| **5** | 22.01.14 | 135000 | 08.04.13 | 189409 | |
| **6** | | | 17.04.13 | 63089 | |
| **7** | | | 13.01.14 | 45993 | |
| **8** | | | 22.2.14 | 257291 | |
| | ആകെ | **2705000** | | **2261490** | **443510** |

മേൽകാണിച്ച പട്ടിക പ്രകാരം വ്യത്യാസമുള്ള തുകക്ക് കൂടി ഗ്രാമപഞ്ചായത്ത് പലിശ അടവാക്കേണ്ടിവരുന്നുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ 24.08.2009 ലെ 44/2009 നമ്പർ സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ബാങ്കും ഗ്രാമപഞ്ചായത്തും തമ്മിൽ കരാറിലേർപ്പെട്ടിട്ടുള്ളത്. പ്രസ്തുത സർക്കുലറിലെ 6- ാ മത് നിബന്ധന പ്രകാരം വായ്പാതുകയുടെ മുഴുവൻ പലിശയും സ്രക്കാർ വഹിക്കുമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് അടവാക്കുന്ന മുത്ല തിരിച്ചടവിൽ നിന്ന് പലിശ ഈടാക്കുന്നത് കരാർ വ്യവസ്ഥകളുടെ ലംഘനമാണ്. ഇക്കാര്യം സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തി കൂടുതൽ അടവാക്കേണ്ടിവന്ന തുക കണക്കാക്കി തുടർ തിരിച്ചടവുകളിൽ ക്രമീകരിക്കേണ്ടതാണ്.

## 3-2 പ്രസിഡണ്ടിനും സെക്രട്ടറിക്കും ലാപ് ടോപ്പ് വാങ്ങൽ- സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രൊജക്റ്റ് നം : S0117/14
പ്രൊജക്ടിന്റെ പേര് : ലാപ് ടോപ്പ്, ടച്ച് സ്ക്രീൻ വാങ്ങൽ
പദ്ധതി അടങ്കൽ : 2,50,000 (ലോകബാങ്ക് സഹായം)
ട്രഷറി ബിൽ നം : 61/13-14 തി. 25.03.14
ചെലവുതുക : 2,37,920
ഡി.ഡി നമ്പർ : 914685 തി. 25.03.14

സ.ഉ.(സാധാ) നം. 915/13/തസ്വഭവ തി. 05.04.13 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി എന്നിവർക്ക് ലാപ് ടോപ്പ് വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ ആവശ്യത്തിനായി തനതുഫണ്ടോ ജനറൽ പർപ്പസ് ഫണ്ടോ ആണ് ഉപയോഗപ്പെടുത്തേണ്ടതെന്ന് ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെയും പ്രസിഡണ്ട് / ചെയർമാൻ / മേയർ / സെക്രട്ടറി എന്നിവർക്ക് ലാപ് ടോപ് വാങ്ങുന്നതിന് അനുമതി നൽകിയ 16.05.14 ലെ സ.ഉ.(സാധാ) നം. 1174/2014/തസ്വഭവ പ്രകാരവും തനത് / ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, ഗ്രാമപഞ്ചായത്ത് ലോകബാങ്ക് സഹായം ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇക്കാര്യം സംബന്ധിച്ച് 13.01.2016 നു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4 നുള്ള മറുപടിയിൽ ലോകബാങ്ക് സഹായം ഉപയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള 20.07.2011ലെ സ.ഉ.(സാധാ) നം.1731/2011/തസ്വഭവ പ്രകാരം നടപ്പാക്കാനാവാത്ത പ്രവൃത്തികളുടെ പട്ടികയിൽ ലാപ് ടോപ്പ് വാങ്ങൽ പദ്ധതി ഉൾപ്പെട്ടിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ, പെർഫോമൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കാനാവാത്ത പ്രവൃത്തികളുടെ പട്ടികയിൽ (20.07.2011 ലെ സ.ഉ.1731/2011/തസ്വഭവ, അനുബന്ധം 1, ക്രമനമ്പർ 1) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും ധനവിനിയോഗത്തെയും സംബന്ധിച്ച ഏതെങ്കിലും സർക്കാർ ഉത്തരവോ ചട്ടമോ അനുസരിച്ചല്ലാതെയുള്ള പ്രവൃത്തികൾ ഏറ്റെടുക്കരുതെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രസിഡണ്ടിനും സെക്രട്ടറിക്കും ലാപ് ടോപ് വാങ്ങുന്നതു സംബന്ധിച്ച് ഇറക്കിയ മേൽസൂചിപ്പിച്ച രണ്ട് ഉത്തരവുകളും 20.07.2011 ലെ

ഉത്തരവിനുശേഷമാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നതിനാൽ ലാപ് ടോപ് വാങ്ങുന്നതിന് ടി ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതായിരുന്നു. ആയതിനാൽ, ലോകബാങ്ക് സഹായത്തിൽ നിന്നും ലാപ് ടോപ്പിന് ചെലവഴിച്ച തുക തനത് / ജനറൽ പർപസ് ഫണ്ടിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

## 3-3 അംഗൻവാടിയുടെ വെള്ളക്കരം കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയതിന്റെ അസ്സൽ രസീതി ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രൊജക്ട് നം : S0120/14
പദ്ധതി അടങ്കൽ : 8600 (വികസന ഫണ്ട്, പൊതുവിഭാഗം)
ട്രഷറി ബിൽ നം : 66/13-14 തി. 28.03.14
ചെലവുതുക :8600
ഡിഡി നമ്പർ, തിയ്യതി : 914945 തി 03.04.14

മേൽ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം കുടിശ്ശിക അടവാക്കിയിട്ടുണ്ടെങ്കിലും അസി.എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട വെള്ളപേപ്പറിൽ എഴുതി നൽകിയ രസീതിയാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. അസ്സൽ രസീതി ലഭ്യമാക്കേണ്ടതാണ്. അസ്സൽ രസീതിയുടെ അഭാവത്തിൽ 8600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 മെഡിക്കൽഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ അപാകതകൾ

a) S-044/14
അടങ്കൽ - 7376/-
ബിൽനമ്പർ- 2/13-14/25.11.13- 3113/-രൂപ
-6/13-14/7.1.14 – 4162/-രൂപ

എയ്ഡ്സ് രോഗികൾക്ക് പോഷകാഹാരം എന്ന പദ്ധതി പ്രകാരം എയ്ഡ്സ് രോഗികൾക്ക് ഭക്ഷണം വാങ്ങി നൽകുന്നതിനായി മേൽപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്).നമ്പർ 248/2012/തസ്വഭവ.തീ 29.9.12 സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം (ഖ.7.1.4) എയ്ഡ്സ് രോഗികൾക്ക് പോഷകാഹാരം പദ്ധതി ജില്ലാപഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടത്. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കാൻ പാടില്ല. മാർഗ്ഗരേഖ ലംഘിച്ചുള്ള ചെലവായതിനാൽ ചെലവ് തുക നിരാകരിക്കുന്നു.

b) S - 052/14

അടങ്കൽ - 24800/-

ബിൽനമ്പർ -5/13-14/17/12/13-11660/-

-11/12-13/28.3.14-10000/-

-12/13-14/28/3/14-3140/-

സമഗ്ര ആരോഗ്യ പരിപാലന പദ്ധതി പ്രകാരം നടപ്പിലാക്കിയ രോഗ പ്രതിരോധകുത്തിവെയ്പ്പ്, പൾസ്പോളിയോ പ്രോഗ്രാം, ഫോഗിങ്ങ് എന്നിവ എൻ.ആർ.എച്ച്എം. ഡിപ്പാർട്ട്മെന്റ് വിഹിതം എന്നിവ ഉപയോഗിച്ച് നടപ്പിലാക്കാവുന്ന പദ്ധതികൾ ആയതിനാൽ മേൽസ്രോതസ്സുകളിൽ നിന്ന് വിഹിതം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (എൻകായറി നമ്പർ 6/14.1.16)

## 3-5 കന്നുകുട്ടി പരിപാലന പദ്ധതി തീറ്റ വിതരണത്തിലെ അപാകതകൾ

പദ്ധതി നമ്പർ-SO-026/14

ഡി.ഡി.നമ്പർ-402077/9.1.14

ബിൽനമ്പർ-1/2013-14/9.1.14

അടങ്കൽ -187500/-
നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

2013-14 വർഷത്തെ കന്നുകുട്ടി പരിപാലന പദ്ധതിയുടെ തീറ്റ വിതരണം കാട്ടൂർ സർവ്വീസ് സഹകരണബാങ്ക് മുഖേനയാണ് നടപ്പിലാക്കിയത്. തീറ്റ വിതരണം നടത്തിയതിന്റെ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1.ഗുണഭോക്താക്കൾ തീറ്റ വാങ്ങിയതായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും പല മാസങ്ങളിലും കൈപ്പറ്റ് രേഖപ്പെടുത്തി കാണുന്നില്ല.

2.രജിസ്റ്ററിൽ ബാങ്ക് സെക്രട്ടറി ഒപ്പ് ഇട്ടിട്ടില്ല.എസ്.എൽ.ബി.പി.യിലെ ഡോക്ടർ രജിസ്റ്റർ പരിശോധിച്ച് ഒപ്പ് വച്ചിട്ടില്ല.

3.ശ്രീമതി.ലിസി ലിനോയ് തട്ടിൽ എന്ന ഗുണഭോക്താവ് 2തവണയും ശ്രീമതി.രജനി മനോഹരൻ എന്ന ഗുണഭോക്താവ് 4തവണയും മാത്രമേ തീറ്റ കൈപ്പറ്റിയിട്ടുള്ളൂ.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻകയറി (നമ്പർ5/14.1.16 ) നൽകിയതിന് 19.1.16ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ എസ്.എൽ.ബി.പി.അധികൃതരെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.തീറ്റ മുഴുവൻ കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കായി നൽകിയ പ്ലാൻ ഫണ്ട് വിഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. പദ്ധതി സുതാര്യവും കാര്യക്ഷമവുമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

പഞ്ചായത്തിലെ 3 അംഗൻവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.ഏകദേശം 23 വർഷമായി പ്രസ്തുത കെട്ടിടങ്ങൾ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു.സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ആരോഗ്യകേരളം-പുരസ്കാരതുക ചെലവഴിച്ചിട്ടില്ല.

പഞ്ചായത്തിന് ആരോഗ്യകേരളം- പുരസ്ക്കാര തുകയായി ലഭിച്ച 10,00,000/- രൂപ (D.D NO: 752612/16-4-13) 17-4-13ന് തനത് ഫണ്ടിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.

28-11-13ലെ 155/13 നമ്പർ തീരുമാന പ്രകാരം അവാർഡ് ലഭിച്ച തുക ഉപയോഗിച്ച് കാൻസർ രോഗികൾക്ക് വിദൂര ചികിത്സ കേന്ദ്രം ആരംഭിക്കുന്നതിനും, ആയതിനുവേണ്ടി ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള കാട്ടൂർ ഗവ. ആശുപത്രിയിൽ സൗകര്യപ്രദമായ രണ്ടു മുറികളോ, മുറികൾ ലഭ്യമല്ലെങ്കിൽ കെട്ടിടം പണിയുന്നതിന് സ്ഥലമോ അനുവദിച്ചു തരുന്നതിന് ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

9-12-13 ലെ തീരുമാനം 7 പ്രകാരം കെട്ടിടം പണിയുന്നതിന് അനുമതി നൽകുവാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെങ്കിലും, തുടർന്ന് പഞ്ചായത്തിൽ നിന്ന് 17 -6 -15ന് മാത്രമാണ് C4- 4351/15 കത്ത് പ്രകാരം MP ഫണ്ട് ഉപയോഗിച്ച് കെട്ടിടം പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഇരിങ്ങാലക്കുട ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുന്നത്.1/2016ലും ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

എസ്റ്റിമേറ്റ് ലഭ്യമാക്കി, M.P ഫണ്ടിന് അപേക്ഷിച്ച്, കെട്ടിട നിർമ്മാണം പൂർത്തികരിച്ചതിനു ശേഷം മാത്രമാണ് ഫണ്ട് വിനിയോഗം സാദ്ധ്യമാകൂ.ഫണ്ട് ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് വേഗത്തിലുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 കാരാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

കാട്ടൂർ ഗ്രാമ പഞ്ചായത്തിലെ അകമ്പാടം - പുറമ്പാടം തോടിന്റെ ആരംഭത്തിൽ കിണർ, മോട്ടർ ഷെഡ് എന്നിവ പണിയുന്നതിനും, അവിടെ മുതൽ ലേബർ സെന്റർ വഴി മഹിളാസമാജം വരെ 4000 മീറ്റർ നീളത്തിൽ 200mm pvc പൈപ്പ് ഇടുന്നതിനും, 50 hp മോട്ടോർ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി, ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിനു വേണ്ടിയുള്ള പ്രവൃത്തി, വൈദ്യുതി കണക്ഷൻ (transformer, line extension etc) എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തിക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

പഞ്ചായത്തിലെ 2, 4, 5, 6, 7 വാർഡുകളിലെ 140 ഹെക്ടറോളം ഭൂമിയിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

2011-12 സാമ്പത്തിക വർഷത്തിൽ അകമ്പാടം - പുറമ്പാടം തോടിന്റെ ആരംഭത്തിൽ (വികസനഫണ്ട് 3,30,000/-, ഗുണഭോക്തൃ വിഹിതം 37,000/-) കിണറും മോട്ടർ ഷെഡും പണി പൂർത്തികരിച്ചിട്ടുണ്ട് (പ്രോജക്ട് നമ്പർ 48/12, അളവ് പുസ്തകം 50/112, ബിൽ തുക 3,66,999/-).

2012-13 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ നടത്തിയിട്ടില്ല.

2013-14 സാമ്പത്തിക വർഷത്തിൽ ഏക വർഷ പദ്ധതിയായി പോജക്ട് നമ്പർ 81/14 പ്രകാരം വികസന ഫണ്ട് 6,00,000/- രൂപയും, ഗുണഭോക്തൃവിഹിതം 66,666/- രൂപയുമടക്കം 6,66,666/- രൂപക്ക് പദ്ധതി ആവിഷ്ക്കരിച്ചു. അളവ് പുസ്തകം 41/13-14 പ്രകാരം 418.35 മീറ്റർ 200mm പൈപ്പ് ഇട്ടതിന് 6,66,599/- രൂപ ആകെ പ്രവൃത്തിമൂല്യം വന്നതിൽ (മണ്ണ് കുഴിക്കൽ, പൈപ്പിടൽ, റോഡ് കട്ടിങ്ങ് ചാർജ് ഉൾപ്പെടെ) ബില്ല് നമ്പർ 54/14 dt. 26-3-14 പ്രകാരം 5,99,940/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നമ്പർ 73/15 പ്രകാരം 4,50,000/- രൂപ അടങ്കലായി ( വികസന ഫണ്ട് 2,75,000/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1,25,000/-, ഗുണഭോക്തൃ വിഹിതം 50,000/-)കാരാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ 291 മീറ്റർ 200mm പൈപ്പ് കൂടി സ്ഥാപിച്ചിട്ടുണ്ട്. (അളവ് പുസ്തകം 30/14-15, ബില്ല് നമ്പർ 31/14-15 dtd. 23-3-15, തുക 4,00,000/-).

2015-16 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നമ്പർ 16/16 ആയി അടങ്കൽ തുക 5,55,555/-( വികസന ഫണ്ട് 5,00,000/-+ ഗുണഭോക്ത വിഹിതം 55,555/-) ക്ക് 563 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ നീട്ടുന്നതിന് പദ്ധതി തയ്യാറാക്കിയെങ്കിലും ഗുണഭോക്ത വിഹിതം അടക്കാത്തതിനാൽ പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. എസ്റ്റിമേറ്റിൽ ചേർത്തിരിക്കുന്ന എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയിട്ടില്ല.
2. G.O (m.s)248/12 dtd. 29-9-12 ലെ ഖണ്ഡിക 7-14(3) പ്രകാരം ഗുണഭോക്തൃ വിഹിതം തദ്ദേശഭരണ സ്ഥാപനം നൽകുന്ന തുകയുടെ ഗഡുക്കൾക്ക് ആനുപാതികമായി മുൻകൂറായി ഈടാക്കേണ്ടതാണ്.എന്നാൽ ഈ പ്രവൃത്തിക്ക് ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല.
3. 2011-12 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതി 2015-16 വർഷത്തിലും കിണർ, പമ്പ് ഹൗസ്, 709 മീറ്റർ പൈപ്പിടൽ എന്നീ പ്രവൃത്തികൾ മാത്രമാണ് ചെയ്തിരിക്കുന്നത്.
4. 13,66,939/-രൂപ ഈ പ്രവൃത്തിക്കായി ചെലവഴിച്ചെങ്കിലും പദ്ധതി എവിടേയും എത്തിയിട്ടില്ല.

പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 പൊതു ടോയ് ലറ്റ് നവീകരണം-അധികത്തുക നൽകി

നിർവഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്റ്റ് നമ്പർ : 89/14

അടങ്കൽ തുക : 3,82,705/- (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

കരാറുകാരൻ : എം. വി. പീയൂസ്

എഗ്രിമെന്റ് നമ്പർ : 32/AE/KTR/13-14/ dtd 15-1-14

അളവ് പുസ്തകം : 39 & 43/13-14

ട്രഷറി ബിൽ നമ്പർ : 49/13-14/26-3-14, 3,82,667/-

നിലവിലുള്ള പൊതു ടോയ് ലറ്റിന്റെ തറ മുതലുള്ള ഭാഗങ്ങൾ പൊളിച്ചു മാറ്റി നവീകരിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിക്ക് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. 2013-14 വർഷത്തിൽ ഓഫീസ് നവീകരണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഓഫീസ് ഫ്രണ്ട് യാഡ് ടൈൽ പേവിങ്ങ്,കെട്ടിടത്തിന്റെ വശം ഷീറ്റ് മേയൽ എന്നീ പ്രവൃത്തികൾ ടോയ് ലറ്റ് നവീകരണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2. എസ്റ്റിമേറ്റ് പ്രകാരം തറ പൊളിച്ചുമാറ്റുന്നതിന് പ്രൊവിഷൻ ഉണ്ടായിരുന്നില്ല. അളവ് പുസ്തക പ്രകാരവും തറ പൊളിച്ചു മാറ്റുന്ന പ്രവൃത്തി ചെയ്തിട്ടില്ല. പഴയ തറ നിലനിൽക്കെ പുതിയ തറ പണിയുന്നതിന് ചെലവഴിച്ച 22,147/- രൂപ നിരാകരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | പ്രവൃത്തി | അളവ് | തുക |
|---|---|---|---|---|
| 1 | 6 | Earth work excavation in hard soil | $6.23m^3$@ $2710/10m^3$ | 1,688.33 |
| 2 | 7 | Dry stone masonry for foundation | $4.63m^3$@ $2082/m^3$ | 9,639.66 |
| 3 | 8 | R.R masonry in c.m 1:6 for foundation & basement | $2.92m^3$@ $3705/m^3$ | 10,818.60 |
| ആകെ | | | | 22,147- |

3.ഈ പ്രവൃത്തിയിൽ ഇനം 25 ആയി "paving tiles with concrete interlocking bricks ….....including labour charges "എന്ന ഇനത്തിൽ front yardൽ 22.42+28$m^2$ ടൈൽ വിരിച്ചതായി അളവ് പുസ്തകത്തിൽ ചേർത്ത് തുക കണക്കാക്കിയിട്ടുണ്ട്. എന്നാൽ front yard- ൽ റാംപിൽ paving tiles എന്ന പ്രവൃത്തി 2012-13 സാമ്പത്തിക വർഷത്തിൽ പ്രോജക്ക് നമ്പർ 42/13 , ഓഫീസ് നവീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട് (അളവ് പുസ്തകം 2/12-13, ഇനം 24ന് 29.91$m^2$@852/$m^2$ കണക്കാക്കി 18,667/- ബിൽ നമ്പർ 36/13 /30-3-13 പ്രകാരം നൽകിയിട്ടുണ്ട്). ഓഫീസിന്റെ മുൻവശത്ത് ഈ പ്രവൃത്തിയുൾപ്പെടെ 3 ഭാഗങ്ങളിൽ മാത്രമാണ് പേവിങ് ടൈൽ എന്ന പ്രവൃത്തി ചെയ്തിട്ടുള്ളു. റാമ്പിൽ ടൈൽ വിരിച്ച പ്രവൃത്തിക്കായി 2013-14 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച 19,085/- (22.4$m^2$@852/$m^2$) രൂപ നിരാകരിക്കുന്നു.

4.ഇനം 24 ആയി "providing 150mm pvc split pipe for rain water gutter" 30m @ 116/m എന്ന പ്രവൃത്തിക്കായി 3,480/- രൂപ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി ചെയ്തിട്ടില്ല. ഈ പ്രവൃത്തിക്കായി ചെലവഴിച്ച 3,480/- രൂപ നിരാകരിക്കുന്നു.

5.ഇനം 22 ആയി "steel work in ms angles , cutting hoisting and fixing in position including applying a cot iron primer etc complete "എന്ന പ്രവൃത്തിക്ക് 720 കി.ഗ്രാമിന് @7,054/qtl എന്ന റേറ്റിൽ തുക കണക്കാക്കി 50,788.80/- രൂപ നൽകിയിട്ടുണ്ട്.

അളവു പുസ്തക പ്രകാരം ഈ പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയിട്ടുള്ള സ്റ്റീലിന്റെ നീളത്തിന് ആനുപാതികമായ തൂക്കം കണക്കിലെടുക്കുമ്പോൾ ഉപയോഗിച്ചിരിക്കുന്ന സ്റ്റീലിന്റെ തൂക്കം താഴെ വിവരിക്കുന്ന പ്രകാരമാണ്.

| ക്രമ നംപർ 1 | അളവുപുസ്തകപ്രകാരം ഉപയോഗിച്ച സ്റ്റീൽ 2 | നീളം 3 | എണ്ണം 4 | ആകെ നീളം (മീറ്റർ) 5 | ഒരു മീറ്റർ സ്റ്റീലിന്റെ തൂക്കം 6 | ആകെ തൂക്കം കി.ഗ്രാം (കോളം 5x6) |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | Square tube 25mmx25mm | 5 മീ. | 9 | 45 | 1.33കി.ഗ്രാം | 60 |
| 2 | Rectangle tube 75mmx40mm | 7.5 മീ. | 3 | 22.5 | 3.2കി.ഗ്രാം | 72 |
| 3 | ,, | 1.5 മീ. | 1 | 1.5 | 3.2കി.ഗ്രാം | 4.8 |
| 4 | ,, | 5 മീ. | 2 | 10 | 3.2കി.ഗ്രാം | 32 |
| | | | | ആകെ | | 168.8 |

(മാർക്കറ്റിലെ ഏറ്റവും ഗുണമേന്മ കൂടിയ സ്റ്റീലിന്റെ തൂക്കമാണ് ഒരു മീറ്റർ സ്റ്റീലിന്റെ തൂക്കമായി കണക്കിലെടുത്തിട്ടുള്ളത്)

അർഹമായ തുക = 168.8X7054/qtl =11907/-

പ്രവൃത്തിക്ക് അധികം നൽകിയ തുക 38882/- (50,789-11907) നിരാകരിക്കുന്നു. ഈ പ്രവൃത്തിക്കായി ആകെ അധികം ചെലവഴിച്ച 83594/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക തിരിച്ചുപിടിടിക്കേണ്ടതാണ്.

## 3-10 വിവിധ അംഗൻവാടികളുടെ മെയിന്റനൻസ്-- ഷീറ്റ് റൂഫിംഗ്-- അധികത്തുക നൽകി--

പ്രൊജക്ട് നമ്പർ : 109/13-14
കരാറുകാരൻ : എം.വി.പിയൂസ്
എഗ്രിമെന്റ് നമ്പർ : 29/AE/KTR/13-14 dtd 15-10-13
എം.ബുക്ക് നമ്പർ : 12/13-14
ട്രഷറി ബിൽ നമ്പർ : 9/13-14/27-11-13
തുക : 4,32,842/-

കാട്ടൂർ ഗ്രാമപഞ്ചായത്തിലെ വിവിധ അംഗൻവാടികളുടെ നവീകരണമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് 67,74,76,77 എന്നീ അംഗൻവാടികളിൽ ഷീറ്റ് മേയൽ ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിക്കായി (എം.ബുക്ക് ഇനം 6) “Steel work in MS square in single section cutting, hoisting and fixing in position including applying a coat of iron primer etc complete” എന്ന പ്രവൃത്തിക്ക് അധികതൂക്കം സ്റ്റീലിന് വില നൽകിയിട്ടുണ്ട്. അളവുപുസ്തക പ്രകാരം ഈ പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയിട്ടുള്ള സ്റ്റീലിന്റെ നീളത്തിന് ആനുപാതികമായ തൂക്കം കണക്കിലെടുക്കുമ്പോൾ ഉപയോഗിച്ചിരിക്കുന്ന സ്റ്റീലിന്റെ തൂക്കം താഴെ വിവരിക്കുന്ന പ്രകാരമാണ്.

| ക്രമ നമ്പർ | അംഗൻവാടി നമ്പർ | പ്രവൃത്തി | ഇനം | നീളം | ആകെ നീളം | ഒരു മീറ്റർ സ്റ്റീലിന്റെ തൂക്കം കി.ഗ്രാം | തൂക്കം കിലോയിൽ |
|---|---|---|---|---|---|---|---|
| 1. | 74 | കെട്ടിടത്തിനു മുകളിൽ ട്രസ്സ് | സ്ക്വയർ ട്യൂബ് 25mmx | 12mx6 1.5mx5 | 79.5m | 1.33 | 105.7 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 25mm | | | | |
| 2. | ,, | ,, | Rectangle tube<br>75mmx<br>40mm | 3.6mx10<br>12mx2 | 60m | 3.2 | 192 |
| 3. | ,, | മുറ്റം | ,, | 6mx1<br>1.5mx1<br>3mx1<br>4mx1 | 14.5m | 3.2 | 46.4 |
| 4. | ,, | ,, | Square tube<br>25mmx<br>25mm | 6mx1<br>5mx3 | 21m | 1.33 | 27.9 |
| 5. | 67 | ,, | ,, | 6mx4 | 24m | 1.33 | 31.9 |
| 6. | ,, | ,, | Rectangle tube<br>75mmx<br>40mm | 3.5mx4<br>6mx1 | 20m | 3.2 | 64 |
| 7. | 76 | ട്രസ്സ് (മുകളിൽ) | ,, | 6.5x2<br>1x5<br>3.1x10 | 49m | 3.2 | 156.8 |
| 8. | ,, | ,, | sq.tube | 6.5x7 | 45.5m | 1.33 | 60.5 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 25mmx<br>25mm | | | | |
| 9. | 77 | ,, | ,, | 10.3x7<br>3x1<br>1.2x5 | 81.1m | 1.33 | 107.8 |
| 10. | ,, | ,, | Rectangle tube<br>75mmx<br>40mm | 10.3x2<br>3.1x10 | 51.6m | 3.2 | 165.1 |
| 11. | ,, | മുറ്റം | ,, | 4.5x4<br>7.5x1 | 25.5m | 3.2 | 81.6 |
| 12. | ,, | ,, | Square<br>25mmx<br>25mm | 7.5x5 | 37.5m | 1.33 | 49.8 |
| | | | | | | ആകെ<br>അതായത് | 1089.5<br>1100 |

(മാർക്കറ്റിലെ ഏറ്റവും ഗുണമേന്മ കൂടിയ സ്റ്റീലിന്റെ തൂക്കമാണ് ഒരു മീറ്റർ സ്റ്റീലിന്റെ തൂക്കമായി കണക്കിലെടുത്തിട്ടുള്ളത്)

അർഹമായ തുക 1100x70.54 = 77594/-

എന്നാൽ ഈ പ്രവൃത്തികൾക്ക് അളവുപുസ്തകം ഇനം 6പ്രകാരം 3531 കിലോക്ക് (ക്വിന്റലിന് 7054 രൂപ നിരക്കിൽ 3531x70.54) 2,49,077/-രൂപ നൽകിയിട്ടുണ്ട് . അധികം നൽകിയ തുക 1,71483/- ( 2,49,077 -77594) തിരിച്ചുപിടിക്കേണ്ടതാണ്.

(തൂക്കത്തിലുണ്ടായ വ്യത്യാസം ശ്രദ്ധക്കുറവുകൊണ്ടാണെന്ന് ഓഡിറ്റ് എൻക്വയറി 19ന് മറുപടി നൽകിയിട്ടുണ്ട്.)

## 3-11 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2013-14 സാമ്പത്തിക വർഷത്തെ ആകെ വരവായ 95,43,610/- രൂപയിൽ 94,78,376/- രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ 86,47,129/- രൂപ കൂലി ഇനത്തിൽ നൽകിയിട്ടുണ്ട്.ആകെ 1601 പേർ പദ്ധതിക്കുകീഴിൽ രജിസ്റ്റർ ചെയ്തതിൽ, തൊഴിൽ ആവശ്യപ്പെട്ട 1038 പേർക്കും തൊഴിൽ നൽകിയിട്ടുണ്ട്. രജിസ്റ്റർ ചെയ്തതിൽ 1541 പേർ സ്ത്രീകളാണ്. സാമ്പത്തിക വർഷത്തിൽ ആകെ 48141 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപെടുകയും, 346 പേർ 100 ദിവസം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തനതാസ്തികൾ ഒന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല.

നിരീക്ഷണങ്ങൾ

2013-14 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം കുളങ്ങൾ ആഴംകൂട്ടൽ/ വൃത്തിയാക്കൽ എന്ന പ്രവൃത്തി വഴി 2564$m^3$ (അളവ് പുസ്തകങ്ങൾ പ്രകാരം) മണ്ണ് ലഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേർ | ചെയ്ത പ്രവൃത്തി | ലഭിച്ച മണ്ണ്(m3) | അളവ് പുസ്തകം |
|---|---|---|---|---|
| 1 | പുതുകുളം വൃത്തിയാക്കൽ | കുളത്തിലെ വെള്ളവും, ചെളിയുമുള്ള മണ്ണ് 4.5 മീറ്റർ ഉയരത്തിലും | 540.15 | 1/13-14<br><br>(check measured on 1-7-13) |

| | | | | |
|---|---|---|---|---|
| | | 50മീറ്റർ അകലത്തിലും മാറ്റിയത് | | |
| 2 | കണ്ണപ്പൻ കുളം ആഴംകൂട്ടി വൃത്തിയാക്കൽ | കുളത്തിലെ മണ്ണ് 1.5 മീറ്റർ ഉയരത്തിലും, 50 മീറ്റർ അകലത്തിലും മാറ്റിയിട്ടത് | 316.944 | 19/13-14 (c.m on 12-6-13) |
| 3 | ചേരക്കുളം ആഴംകൂട്ടി വൃത്തിയാക്കൽ | ,, ,, | 400.40 m3 | 13/13-14 (c.m on 21-5-13) |
| 4 | പണിക്കെട്ടി കുളംആഴംകൂട്ടി വൃത്തിയാക്കൽ | ,, ,, | 281.6m3 | 4/13-14 (c.m.on 12-6-13) |
| 5 | രാമൻകുളം ആഴംകൂട്ടി വൃത്തിയാക്കൽ | കുളത്തിലെ മണ്ണ് 3.5m ഉയരത്തിലും, 100 മീറ്റർ അകലത്തിലും മണ്ണ് മാറ്റിയിട്ടത് | 478.95 m3 | 16/13-14 (c.m on 26-6-13) |
| 6 | ചേരുകുളം ആഴംകൂട്ടി വൃത്തിയാക്കൽ | കുളത്തിലെ മണ്ണ് 2m ഉയരത്തിലും 100 m | 243.6m3 | 7/13-14 (c.m on 7-6 13) |

| | | | | |
|---|---|---|---|---|
| | | അകലത്തിലും മണ്ണ് മാറ്റിയിട്ടത്. | | |
| 7 | തണ്ണിചിറകുളം ആഴംകൂട്ടി വൃത്തിയാക്കൽ | കുളത്തിലെ മണ്ണ് 3മീറ്റർ ഉയരത്തിലും 100 മീറ്റർ അകലത്തിലും മണ്ണ് മാറ്റിയിട്ടത് | 303.21 m3 | 9/13-14 (c.m on 13-5-13) |
| | | | 2564m3 | |

5-7-14 ലെ 83 (3)/13 തീരുമാനപ്രകാരം അളവുപുസ്തകത്തിലെ അളവ് പ്രകാരം ശേഖരിക്കുന്ന മണ്ണിനെകുറിച്ചും ആയതിന്റെ വിനിയോഗം സംബന്ധിച്ചും വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തി ഓവർസീയർ/ എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതാണ് എന്ന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷത്തിൽ കുളങ്ങൾ വൃത്തിയാക്കൽ എന്ന പ്രവൃത്തിയിൽ നിന്നും ലഭിച്ച മണ്ണിന്റെ വിനിയോഗവിവരങ്ങൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല. പുതുക്കുളം തോട്, പറളംതാഴം തോട് എന്നിവ ആഴം കൂട്ടിയപ്പോൾ ലഭിച്ച മണ്ണ് 20-5 13ന് ലേലം ചെയ്തുനൽകിയ വകയിൽ പഞ്ചായത്തിന് 5,750/- രൂപ ലഭിച്ചിട്ടുണ്ട്(പുതുകുളം തോട്- രസീതി നമ്പർ 11303100556/20-5-13 500/- രൂപ, രസീതി നമ്പർ 22/32328/21-5-13 പ്രകാരം 750/-രൂപ, പുതുകുളം- രസീതി നമ്പർ 11303100557,dtd 20- 5-13 പ്രകാരം 2,250/-, 11303100741 dtd 6-6-13 പ്രകാരം 2,250/-) എന്നാൽ മണ്ണിന്റെ അളവ് ലേല പരസ്യം,ഡയറി,രജിസ്റ്റർ എന്നിവയിലൊന്നും ചേർത്തിട്ടില്ല. കുളങ്ങൾ,തോടുകൾ എന്നിവയിൽ നിന്നും ലഭിക്കുന്ന മണ്ണിന്റെ ഉപയോഗ വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന മണ്ണ് ലേലം ചെയ്യുകവഴി പഞ്ചായത്തിന് സാമ്പത്തിക ലാഭവും, മണ്ണ് നീക്കുന്നതു വഴി പ്രസ്തുത ജലാശയങ്ങളിലേക്ക് വീണ്ടും ആ മണ്ണ് ഒഴുകി എത്തുന്നത് തടയുകയും ചെയ്യും. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**പൊതു വിവരങ്ങളും ഓ◌ാഡിറ്റ് പ്രത്യവലോകനവും**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2013-14 | 1000000 | നന്തിലിപ്പാടം, എസ്. സി. കോളനി റോഡ് | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2013-14 | 11400 | ശാരീരിക മാനസിക വെല്ലുവിളി- സ്കോളർഷിപ്പ് | 11400 | 0 |
| ജില്ലാ പഞ്ചായത്ത് | 2013-14 | 40000 | ശാരീരിക മാനസിക വെല്ലുവിളി-സ്കോളർ ഷിപ്പ് | 40000 | 0 |
| ജില്ലാ | 2013-14 | 1916 | ശാരീരിക മാനസിക | 1916 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വെല്ലുവിളി-സ്കോളർഷിപ്പ് എസ്.സി.പി | | |
| ജില്ലാ പഞ്ചായത്ത് | 2013-14 | 18084 | ശാരീരിക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ് എസ്.സി.പി | 9424 | 8660 |
| ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 300000 | വട്ടക്കല്ല് റോഡ് സോളിംഗ്, മെറ്റലിംഗ്,ടാറിംഗ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 60000 | ശാരീരിക മാനസിക വെല്ലുവിളി-പഠനസഹായം | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 28500 | ശാരീരിക മാനസിക വെല്ലുവിളി-പഠന സഹായം എസ്.സി.പി | 17010 | 11490 |
| ബ്ലോക്ക് | 2013-14 | 50000 | പെയിൻ & പാലിയേറ്റിവ് കെയർ | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 50000 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 50000 | 0 |

മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ഫണ്ടിൽ ബാക്കിയുള്ള തുക വാർഷിക കണക്കുകൾ പ്രകാരമുള്ളതും ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ളതും പൊരുത്തപ്പെടുന്നില്ല. ചെലവഴിക്കാൻ ബാക്കിയുള്ള തുക ചെലവഴിക്കുകയോ തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ഡി.ഡി നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി. ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ | പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 403196 തി. 14.02.14 | 160000 | 160000 | 0 |
| പി. ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ | അംഗൻവാടി ഇലക്ട്രിഫിക്കേൻ | 739436 തി. 08.10.13 | 20000 | 20000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | -------- | 5244757 | 2964657 | 653188 | 157803 | 2311469 |

•

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 562രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3-13 | 562 | വി.പി. വിജയൻ, സെക്രട്ടറി | 1130314436/ 06-02-14 |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 42242921 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 44690525 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 720 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 262352 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8,600 |

## (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 720 | | ശ്രീ.ഷാജിക് എം.എച്ച്,<br><br>സെക്രട്ടറി |
| 3-4 | | 7275 | ഡോ.ദീപ സാമുവൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 3-9 | | 83594 | ശ്രീമതി.റൂബി മാർക്ക്, എടേഴത്ത്.<br><br>അസി. എഞ്ചിനീയർ |
| 3-10 | | 171483 | ശ്രീമതി.റൂബി മാർക്ക്, എടേഴത്ത്.<br><br>അസി. എഞ്ചിനീയർ |
| ആകെ | 720 | 262352 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 8600 | ശ്രീ. ഷാജിക്.എം.എച്ച്, സെക്രട്ടറി |

(സി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

(ഡി) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

(ഇ)**<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| 1. ശ്രീ. ഷാജിക്. എം.എച്ച്.<br><br>സെക്രട്ടറി | സെക്രട്ടറി,<br><br>കാട്ടൂർ<br><br>ഗ്രാമപഞ്ചാ യത്ത് | മനക്കുളങ്ങര വീട്,<br><br>വെള്ളാങ്കല്ലൂർ, തൃശൂർ |
| 2.ശ്രീമതി. റൂബി മാർക്ക്<br><br>എടേഴത്ത്<br><br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br><br>കോടശ്ശേരി<br><br>ഗ്രാമപഞ്ചായത്ത് | വട്ടോലി വീട്<br><br>പരിയാരം, തൃശൂർ |
| 3. ഡോ.ദീപ സാമുവൽ അസി.സർജൻ | അസി.സർജൻ, സി.എച്ച്.സി.കാട്ടൂർ | കുഴിയംപറമ്പൻ, മൂലമറ്റം, ഇടുക്കി |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 92-93,<br>93-94 | എൽ.എഫ്.ടി.(എസ്2) -1132/11 തി. 20.10.11/07.12.11 | | |
| 94-95,<br>95-96 | ടി | | |
| 96-97 | എൽ.എഫ്.ടി. (8)-813/98 തി. 04.01.99 | | |
| 97-98 | എൽ.എഫ്.ടി. (8)-968/99 തി. 12.10.99 | | |
| 98-99 | എൽ.എഫ്.ടി. (8)-865/00 തി.23.09.00 | | |
| 99-2000 | എൽ.എഫ്.ടി. (16)-1492/02 തി.25.09.03 | | |
| 00-01,<br>01-02 | എൽ.എഫ്.ടി. (16)-1797/03 തി.16.05.04 | | |
| 00-01 | എൽ.എഫ്.ടി. (16)-867/04 തി.04.01.05 | | |
| 01-02 | എൽ.എഫ്.ടി.(16)-1872/06 തി.07.06.07/05.10.07 | | |
| 02-03 | എൽ.എഫ്.ടി. (16)-1767(എ)/07 തി.10.03.08 | | |

| | | | |
|---|---|---|---|
| 03-04 | എൽ.എഫ്.ടി. (16)-1767/07 തി. 10.03.08 | | |
| 04-05 | എൽ.എഫ്.ടി. (16)-62/09 തി.15.12.09 | | |
| 05-06 | എൽ.എഫ്.ടി. (16)-636/10 തി.23.12.10 | | |
| 06-07 | എൽ.എഫ്.ടി. (16)-637/10 തി.23.12.10 | | |
| 07-08 | എൽ.എഫ്.ടി. (പി11)-976/11 തി. 24.11.11 | | |
| 08-09 | എൽ.എഫ്.ടി. (പി11)-977/11തി.24.11.11 | | |
| 09-10 | എൽ.എഫ്.ടി. (പി3)-1080/12 തി.12.10.12/08.02.13 | | |
| 10-11 | എൽ.എഫ്.ടി. (പി3)-1081/12 തി.12.10.12/08.02.13 | | |
| 11-12 | എൽ.എഫ്.ടി. (പി3)-712/13തി.23.09.13 | | |
| 12-13 | കെ. എസ്. എ. ടി. എസ്. അർ (പി | | |

| | | | |
|---|---|---|---|
| | 7)-379/14 തി. 17.11.2015/05.12.15 | | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശൂർ